Draft #42 of File 17152/ADA1 SO/2020/AD A1 Approved by ASSISTANT REGISTRAR I (ADMIN) on 14-Jan-2021 04:03 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY · KOTTAYAM ·

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

ജീവനക്കാര്യം: കോവിഡ് 19 - സർവ്വകലാശാലാ ഓഫീസുകളുടെ പ്രവർത്തനം - ശനിയാഴ്ച പ്രവൃത്തിദിനമായി പുന:സ്ഥാപിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 303/AD A1/2021/എം.ജി.യു — പ്രിയദർശിനി ഹിൽസ്,തീയതി: 14.01.2021

---

*പരാമർശം:*-1. സർവ്വകലാശാലാ ഉത്തരവ് നം. 2383/AD A1/2020/എം.ജി.യു. തീയതി 08.06.2020.
2. സർക്കാർ ഉത്തരവ് (കൈ).നം. 16/2021/പൊഭ.വ., തീയതി 13.01.2021.
3. 14.01.2021 തീയതിയിലെ വൈസ് ചാൻസിലറുടെ കുറിപ്പ് നം. VC.702/01/004/2021.

**<u>ഉത്തരവ്</u>**

കോവിഡ്-19 നിർവ്യാപന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ സർക്കാർ ഓഫീസുകളുടെയും / സ്ഥാപനങ്ങളുടെയും പ്രവർത്തനം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി സർവ്വകലാശാലയിലും ശനിയാഴ്ച ദിവസങ്ങൾ അവധിദിനങ്ങളാക്കി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

എന്നാൽ, പരാമർശം (2) പ്രകാരം, 16.01.2021 മുതൽ സർക്കാർ പ്രഖ്യാപിത അവധി ദിവസങ്ങളൊഴികെയുള്ള എല്ലാ ശനിയാഴ്ചകളും പ്രവർത്തി ദിവസങ്ങളായി സർക്കാർ പുന:സ്ഥാപിച്ചിരിക്കുന്നു. അതിൻപ്രകാരം, സർവ്വകലാശാലയിലും 16.01.2021 മുതൽ സർക്കാർ പ്രഖ്യാപിത അവധി ദിവസങ്ങളൊഴികെയുള്ള എല്ലാ ശനിയാഴ്ചകളും പ്രവർത്തി ദിവസങ്ങളായി പുന:സ്ഥാപിച്ചുകൊണ്ട് പരാമർശം (3) പ്രകാരം വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

രമേഷ് ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. എല്ലാ സെക്ഷനുകൾ / ഡിപ്പാർട്ട്മെന്റുകൾ
2. വൈസ് ചാൻസലർ/ പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ പരീക്ഷാ കൺട്രോളർ/ ഫിനാൻസ് ഓഫീസർ എന്നിവരുടെ പി എ മാർ
4. എ.ആർ./ ഡി.ആർ/ ജെ.ആർ. (ഭരണവിഭാഗം/ പരീക്ഷാവിഭാഗം/ ധനകാര്യവിഭാഗം)
5. ജോയിന്റ് ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ്, മഹാത്മാഗാന്ധി സർവ്വകലാശാല
6. പി.ആർ.ഒ./ റെക്കോർഡ്സ് സെക്ഷൻ/ കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ/ സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/ ഐ.ക്യു.എ.സി.
7. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം